<u>പതിനാലാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6022 04/11/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. പി.കെ. ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) **റീ-സർവ്വെ** നടപടികൾ എന്നു **മുതലാണ്** തുടങ്ങിയതെന്നും **എന്നാണ്** പ്രവർത്തനം നിറുത്തി **വച്ച**തെന്നും ആയതിന്റെ **കാരണമെന്താണെന്നും** എത്ര **ശതമാനം** മേഖലകളിൽ **പ്രവർത്തനം** കാര്യക്ഷമമായി **നടന്നുവെന്നും** പ്രവർത്തനത്തിൽ **സംഭവിച്ച** വീഴ്ചകൾ **എന്തെല്ലാമാണെന്നും** **വിശദമാക്കുമോ;** | (എ) 06/10/1965 ലെ സർക്കാർ ഉത്തരവ് (എം.എസ്) 781/65/ആർഡി പ്രകാരം സംസ്ഥാനത്ത് റീസർവ്വെ നടപടികൾ ആരംഭിച്ചു. 03.10.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്)409/12/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറക്കുമാത്രം സ്വകാര്യഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ പരാതികൾ വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് റീസർവ്വെ ടി ഉത്തരവ് പ്രകാരം നിജപ്പെടുത്തിയത്.<br>സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജിൽ 881 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യു ഭരണത്തിന് കൈമാറിയിട്ടുണ്ട് 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് 1966 മുതൽ റീസർവ്വെ പ്രവർത്തനം ആരംഭിക്കുകയും 1988 കാലഘട്ടത്തിനുള്ളിൽ 500 ൽപരം വില്ലേജുകളുടെ റീസർവ്വെ നടപടികൾ അവസാനഘട്ടത്തിൽ എത്തിക്കുകയും 12.12.1979 ലെ ജി.ഒ.(എംഎസ്) നം. 1372/79/ആർ.ഡി പ്രകാരം പി.എൽ.ആർ ഓഫീസുകൾ ആരംഭിച്ചതിനെ തുടർന്ന് റവന്യൂ ഭരണത്തിന് കൈമാറാൻ തക്കവിധം റിക്കാർഡുകൾ തയ്യാറാക്കുകയും ചെയ്തു. എന്നാൽ റീസർവ്വെ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന ജീവനക്കാരെ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വെ ജോലികൾക്കായി വിവിധ സമയങ്ങളിൽ നിയോഗിക്കേണ്ടി വന്നതിനാൽ സമയബന്ധിതമായി റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെ വന്നു. തുടർന്ന് 1988 കാലഘട്ടത്തിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിരുന്ന അഞ്ഞൂറോളം വില്ലേജുകളുടെ റീസർവ്വെ റിക്കാർഡുകൾ 1994 കാലയളവിൽ റവന്യു ഭരണത്തിന് കൈമാറിയെങ്കിലും 1988 മുതൽ 1994 വരെയുള്ള കാലയളവിനുള്ളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾക്കനുസൃതമായി ഉടമസ്ഥാവകാശങ്ങളിലുണ്ടായ മാറ്റങ്ങൾ റീസർവ്വെ റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്നു. |

(ബി) പ്രസ്തുത പ്രവർത്തനങ്ങളിലെ വീഴ്ചകൾ കണ്ടെത്താനും റീ-സർവ്വേ നടപടികൾ കൃത്യനിഷ്ഠയോടെ പൂർത്തീകരിച്ച് പരാതികൾ ഉണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്താനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സമയബന്ധിതമായി പ്രവർത്തനം നടത്താനും എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ട് പട്ടാദാരുടെ കൈവശമുള്ള യഥാർത്ഥ രേഖകൾ പരിശോധിച്ച് കൃത്യതയോടെയാണ് റീസർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റിക്കാർഡുകൾ സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) അനുസരിച്ചുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്ക് രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകി, തുടർന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ച ശേഷമാണ് റീസർവ്വെ റിക്കാർഡുകൾ അന്തിമമാക്കുന്നതും റവന്യൂ ഭരണത്തിന് കൈമാറുന്നതും.

സംസ്ഥാനത്ത് സർവ്വെയും ഭൂരേഖയും വകുപ്പിന് കീഴിൽ നടന്നുവരുന്ന സർവ്വെ പ്രവർത്തനങ്ങൾ ആധുനിക സർവ്വെ ഉപകരണങ്ങളായ ജി.പി.എസ്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, കമ്പ്യൂട്ടർ എന്നിവയുടെ സഹായത്തിലാണ് നടന്നുവരുന്നത്. ഇത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ മാത്രമാണ് ഉപയോഗിച്ചുവരുന്നത്. സർവ്വെയുടെ തത്ത്വങ്ങളിലും നിയമങ്ങളിലും യാതൊരു മാറ്റവും കൂടാതെയുള്ള സർവ്വെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. റീസർവ്വെ പുനരാരംഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സമയബന്ധിതമായി പ്രവർത്തനം നടത്താൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നും വിശദീകരിക്കാമോ?

(സി) ആധുനിക സർവ്വെ ഉപകരണങ്ങളായ ജി.പി.എസ്. ഇ.റ്റി.എസ് എന്നിവ ഉപയോഗിച്ച് സർവ്വെ ചെയ്ത്. കമ്പ്യൂട്ടറുകളുടെ സഹായത്താൽ റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കുന്നതിനായി സർവ്വെ ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നൂറ്റി അൻപതോളം വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ സാധിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്)409/12/റവന്യൂ തീയതി 31.10.2012 പ്രകാരം സംസ്ഥാനത്തെ റീസർവ്വെ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറക്കുമാത്രം സ്വകാര്യഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വെ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ